# UNIVERSITY OF CALICUT
## (കാലിക്കറ്റ് സർവകലാശാല)
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

# പത്രക്കുറിപ്പ്

**2025-26 അധ്യയന വർഷം ഏകജാലകം മുഖേനയുള്ള പി.ജി. പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നത് - വിദ്യാർത്ഥികൾക്ക് 13.08.2025 വരെ കോളേജുകളിൽ റിപ്പോർട്ട് ചെയ്യാം .**

2025-2026 അദ്ധ്യയന വർഷത്തെ ഏകജാലകം മുഖേനയുള്ള പി.ജി. പ്രവേശനത്തിനോടനുബന്ധിച്ച് വിവിധ അഫിലിയേറ്റഡ് കോളേജുകളിലെ പ്രോഗ്രാം-റിസർവേഷൻ എന്നിവ തിരിച്ചുള്ള സീറ്റ് വേക്കൻസി അഡ്മിഷൻ വിഭാഗത്തിന്റെ വെബ്സൈറ്റിൽ (https://admission.uoc.ac.in) ലഭ്യമാണ്. ക്യാപ് രജിസ്ട്രേഷൻ പൂർത്തിയാക്കിയ വിദ്യാർത്ഥികൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ഒഴിവ് വിവരങ്ങൾ പരിശോധിച്ച് **13.08.2025** നുള്ളിൽ, പ്രവേശനം ആഗ്രഹിക്കുന്ന കോളേജ് / സെന്ററുകളിൽ നേരിട്ടോ ദൂതൻ വഴിയോ റിപ്പോർട്ട് ചെയ്യേണ്ടതാണ്. . നിലവിൽ പ്രവേശനം ലഭിച്ചവർ , 18.07.2025 നു പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ, ലേറ്റ് രജിസ്ട്രേഷൻ നടത്തിയവർ തുടങ്ങി, രജിസ്ട്രേഷൻ ഫീസ് അടച്ച ക്യാപ് ഐഡി യുള്ള എല്ലാ വിദ്യാർത്ഥികൾക്കും, കോളേജുകൾ പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിൽ ഉൾപെടാനായി കോളേജ് / സെന്ററുകളിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻറെ വെബ്സൈറ്റിൽ ലഭ്യമായ കോളേജുകളുടെ ഇ-മെയിൽ വിലാസത്തിലേക്ക് **ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം,** വിദ്യാർത്ഥികൾക്ക് ഓൺലൈൻ റിപ്പോർട്ടിങ് സൗകര്യവും ഉണ്ടായിരിക്കും. ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കോളേജ് / സെന്റർ തയ്യാറാക്കുന്ന റാങ്ക് പട്ടിക **14.08.2025** നു അതത് കോളേജ് / സെന്റർ നോട്ടിസ് ബോർഡിൽ പ്രസിദ്ധീകരിക്കും. ആഗസ്റ്റ് **16** മുതൽ പ്രവേശനം ആരംഭിക്കും. തുടർന്ന് വരുന്ന എല്ലാ സീറ്റ് ഒഴിവുകളിലേക്കുമുള്ള പ്രവേശനത്തിന് ഈ റാങ്ക് പട്ടികയാണ് അടിസ്ഥാനമാക്കുക.

ഇതുവരെ അപേക്ഷിക്കാത്തവർക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കപ്പെടാനായി ലെയ്റ്റ് ഫീയോടുകൂടി ഓൺലൈൻ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം ഇപ്പോൾ ലഭ്യമാണ്.

നിലവിൽ ക്യാപ് രജിസ്ട്രേഷൻ ഉള്ളവർക്ക് ലേറ്റ് രജിസ്ട്രേഷനിലൂടെ പുതിയ ക്യാപ് രജിസ്ട്രേഷൻ നടത്തേണ്ടതില്ല. മുൻപ് ഫീസൊടുക്കി ക്യാപ് രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് എഡിറ്റ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

വിശദവിവരങ്ങൾ: www.admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2660600 / 2407016 / 2660600.

2025 - 26 അധ്യയന വർഷത്തെ ഏകജാലകം മുഖേനയുള്ള പി.ജി. പ്രവേശനത്തിനുള്ള അവസാന തിയതി **08.09.2025** .

ക. യൂ. ക്യാംപസ് (ഒപ്പ്)

08.08..2025 ഡയറക്ടർ